**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2718** **14-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതി പ്രകാരം എത്ര ആശുപത്രികളിലാണ് നിലവിൽ ക്യാഷ് ലെസ് ചികിത്സ ഏർപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ആശുപത്രികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | **സംസ്ഥാനത്തിനകത്തും പുറത്തുമായി സർക്കാർ, സ്വകാര്യ സഹകരണ മേഖലയിലേതുൾപ്പെടെ ഏകദേശം 502 ആശുപത്രികൾ നിലവിൽ മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. മെഡിസെപ് പദ്ധതിയിൽ ക്യാഷ് ലെസ് ചികിത്സ ഏർപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.** |
| (ബി) | പ്രസ്തുത ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കുന്നതിന് ജീവനക്കാരിൽ നിന്നും മുൻകൂർ തുക ഈടാക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് അപ്രകാരം തുക ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | **മെഡിസെപ് പദ്ധതി പ്രകാരം എംപാനൽഡ് ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കുന്നതിന് ജീവനക്കാരിൽ നിന്നും മുൻകൂർ തുക ഈടാക്കുന്നത്** ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് പരിഹരിക്കുന്നതിനായി ദ്വൈവാര അവലോകന യോഗങ്ങളിൽ ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച ചെയ്യുകയും പ്രസ്തുത ആശുപത്രികളെ നിശ്ചിത കാലയളവിൽ മെഡിസെപ് -ൽ നിന്നും സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങളുള്ള Standard Operating Procedure (SOP) പുറപ്പെടുവിച്ച് നടപടി സ്വീകരിക്കാൻ ഇൻഷ്വറൻസ് കമ്പനിയ്ക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | അപ്രകാരം ഈടാക്കുന്ന തുകയുടെ പകുതി പോലും ഇൻഷ്വറൻസ് ക്ലെയിമായി ലഭിക്കുന്നില്ല എന്നതും മുൻകൂർ പണം നൽകാതെ ചികിത്സ ലഭിക്കുന്നില്ല എന്നതും മെഡിസെപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെ പരാജയപ്പെടുത്തിയിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി ഗുണകരമായ രീതിയിൽ പുനഃ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | **ഉണ്ട്. സംസ്ഥാന സർക്കാർ ഇ-ടെണ്ടർ നടപടികളിലൂടെ മെഡിസെപ് പദ്ധതി നടപ്പിലാക്കുവാൻ തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പിട്ട കരാർ (MoU) പ്രകാരം മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി ശുപാർശ ചെയ്ത് സമർപ്പിച്ച ചികിത്സാ നിരക്കുകൾ മാത്രമേ എംപാനൽ ചെയ്ത ആശുപത്രികൾ ഈടാക്കാവൂ എന്ന കർശന നിർദ്ദേശം കൂടി ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിരുന്നു.** |

| | | | |
|---|---|---|---|
| | | | എന്നിട്ടും മുൻകൂർ പണം ഈടാക്കുന്ന ആശുപത്രികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി ഇൻഷുറൻസ് കമ്പനിയുമായി സർക്കാർ നടത്തുന്ന ദ്വൈവാര അവലോകനയോഗങ്ങളിൽ ചർച്ച ചെയ്യുകയും പ്രസ്തുത ആശുപത്രികളെ നിശ്ചിത കാലയളവിൽ മെഡിസെപ് ൽ നിന്നും സസ്പെൻഡ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങളുള്ള Standard Operating Procedure (SOP) പുറപ്പെടുവിച്ച് നടപടി സ്വീകരിക്കാൻ ഇൻഷുറൻസ് കമ്പനിയ്ക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ജീവനക്കാർക്ക് അനുകൂലമായ രീതിയിൽ പുനഃ ക്രമീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ മെഡിസെപ്പ് പദ്ധതി പിൻവലിച്ച് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് സ്കീം പുന:സ്ഥാപിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | മെഡിസെപ് പദ്ധതി സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ദ്വൈവാര അവലോകന യോഗങ്ങളിൽ ഇൻഷുറൻസ് കമ്പനിയുമായി ചർച്ച ചെയ്യുകയും ആയത് പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിലവിൽ മെഡിക്കൽ റീഇംപേഴ്സ്മെന്റ് നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചില്ല. |

സെക്ഷൻ ഓഫീസർ